കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടപ്പറ്റ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.9/2413/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി.06-12-2018

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടപ്പറ്റ ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം :എടപ്പറ്റ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഓൺലൈനായി എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

എം.എ.12/18

നംകെ.എസ്.എ.എം.പി.എം.9/2413/2018 തിയ്യതി:06-12-2018

<u>മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ</u>

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14/07/2017 മുതൽ 24/09/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.എസ്.ഷാജഹാൻ,ഡെപ്യൂട്ടിഡയറക്ടർ. |
| ഓഡിറ്റിന്വിനിയോഗിച്ച സമയം | 25-09-2018മുതൽ 06-10-2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. ടി.പി.അബ്ദുൾജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സക്കീർഹുസൈൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.എൻ.പി.തനൂജ | 01.04.2017മുതൽ06.06.2017വരെ |
| ശ്രീ.ഹനീഫ മാസ്റ്റർ | 07.06.2017മുതൽ04.07.2017വരെ |
| ശ്രീമതി.സി.ഫാത്തിമ | 05.07.2017മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീ.സുഹാസ് ലാൽ.എസ്<br>(അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 01.04.2017 മുതൽ 16.04.2017വരെ |
| 2.ശ്രീ.രാജേഷ് കുമാർ | 17.04.2017 മുതൽ 02.06.2017 വരെ |
| 3.ശ്രീമതി.റഹിയാൻബി | 03.06.2017മുതൽ 03.01.2018 വരെ |
| 4.ശ്രീമതി.ടെസ്സി മോൾ.സി<br>(അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 04.01.2018 മുതൽ 31.03.2018 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.വെറ്ററിനറി സർജൻ | ഡോ.ഫിസ ഷമീം | 01.04.2017–31.03.2018 |
| 2.കൃഷി ഓഫീസർ. | ശ്രീമതി.ആഷിലിജോർജ്ജ് | 01.04.2017–21.07.2017 |
| | ശ്രീ.തോമസ്.ടി.ടി | 22.07.2017 -31.03.2018 |
| 3.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ജോസ്.എം.പി | 01.04.2017–31.03.2018 |
| 4.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സ്വപ്ന | 01.04.2017–31.03.2018 |
| 5.വില്ലേജ്എക്സ്റ്റെൻഷൻഓഫീസർ | ശ്രീ.പളനി സ്വാമി | 01.04.2017–07.11.2017 |
| | ശ്രീമതി.സ്വപ്ന | 08.11.2017-14.11.2017 |
| | ശ്രീ.ഹാരിസ് | 15.11.2017 –31.03.2018 |
| 6.മെഡിക്കൽഓഫീസർ(പി.എച്ച്.സി) | ഡോ.സജ്ന.പി.എച്ച് | 01.04.2017–31.03.2018 |
| 7.ഹെഡ് മാസ്റ്റർ | ശ്രീ.ചന്ദ്രമോഹൻ | 01.04.2017 -31.03.2018 |
| 8.മെഡിക്കൽഓഫീസർ(ആയുർവേദം) | ഡോ.ദിൽസ | 01.04.2017 -31.03.2018 |
| 9.അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സുഹാസ് ലാൽ.എസ് | 01.04.2017 -11.08.2017 |
| | ഒഴിവ് | 12.08.2017-10.09.2017 |
| | ശ്രീമതി.ടെസ്സി മോൾ.സി | 11.09.2017-31.03.2018 |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യപത്രികപരിശോധിച്ച്സാക്ഷ്യപത്രംനല്കിയതിന്റെവിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | |
| 5 | 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ | |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | 2-1 | ഡി & ഒ ലൈസൻസ് - അപാകതകൾ . | |
| 14 | 2-2 | തൊഴിൽ നികുതി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | |
| 15 | 2-3 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല | |
| 16 | 2-4 | ലേലം-GST ഈടാക്കിയില്ല. | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | 3-1 | ആസൂത്രണപ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലെ പാളിച്ചകൾ | |
| 18 | 3-2 | IKM ന് അധികവിഹിതം നൽകി; തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | |
| 19 | 3-3 | SSA വിഹിതം നൽകൽ; വിശദാംശം ലഭ്യമാക്കിയില്ല. | |
| 20 | 3-4 | GST രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് GST കുറവ് ചെയ്യാതെ തുക നൽകി; തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. | |

| | | | |
|---|---|---|---|
| | | | |
| 21 | 3-5 | സർവ്വീസ് ടാക്സ് അടവാക്കിയില്ല. | |
| 22 | 3-6 | വെയിംഗ് മെഷിൻ അധികവില നൽകി. | |
| 23 | 3-7 | ന്യൂട്രിമിക്സിന്റെ ജി എസ് ടി അധിക നിരക്കിൽ നൽകി. | |
| 24 | 3-8 | പി.എം.എ.വൈ വിഹിതം വിനിയോഗിച്ചില്ല. | |
| 25 | 3-9 | വായനശാലക്ക് പത്രങ്ങൾ-രേഖകൾ പൂർണമല്ല. | |
| 26 | 3-10 | വാങ്ങിയ ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനായില്ല. | |
| 27 | 3-11 | മരുന്ന് ലഭ്യമാക്കിയില്ല. | |
| 28 | 3-12 | ക്വട്ടേഷൻ നടപടികളിൽ സുതാര്യതയില്ല. | |
| 29 | 3-13 | വി.ഇ.ഒ യുടെ പ്രോജക്ടുകൾ - ഒരു അവലോകനം | |
| 30 | 3-14 | ആശ്രയ പദ്ധതി - അവലോകനം. | |
| 31 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 32 | 4-2 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ | |
| 33 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 34 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 35 | 4-5 | സ്ഥിര നിക്ഷേപങ്ങൾ | |
| 36 | 4-6 | ഓഡിറ്റ് റിക്കവറി | |
| 37 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 38 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | |
| 39 | 4-9 | ഓഡിറ്റ് പ്രത്യവലോകനം | |
| 40 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | |
| 41 | Annexure 1 | Audit Certificate | |
| 42 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.03.2017 തിയ്യതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 25.05.2018 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018,23.06.2018 | നം.കെ.എസ്.എ.എം.പി.എം.9/1328/2018 തീയതി 21-08-2018 |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11231534 |
| വരവ് | 71110465 |
| ആകെ | 82341999 |
| ചെലവ് | 74678513 |
| നീക്കിയിരിപ്പ് | 7663486 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12334000 | 12334000 | 11491941 | 842059 | 93.17% |
| വികസനഫണ്ട് എസ്.സി.പി. | 0 | 4030537 | 4030537 | 2963360 | 1067177 | 73.52% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13038000 | 13038000 | 9064290 | 3973710 | 70% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2716000 | 2716000 | 2239901 | 476099 | 82.47% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5792833 | 5792833 | 5043128 | 749705 | 87% |
| കെ എൽ എസ് ജി ഡി പി | 0 | 11102546 | 11102546 | 10730700 | 371846 | 97% |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 4333610 | 7391000 | 11724610 | 11564616 | 159994 | 99% |
| ട്രഷറി സ്പെന്റ് ടി.എസ്.ബി. (ജോയിന്റ് വെഞ്ചർ) | 56191 | 384000 | 440191 | 384000 | 56191 | 78.6% |
| എൻ. ആർ. ഇ. ജി.എസ്. | 4178 | 11070861 | 11075039 | 11067118 | 7921 | 99.9% |
| SBT(പൈക്ക) | 363419 | 13425 | 376844 | 330036 | 46808 | 87.57% |
| ബി. ഫണ്ട് | 0 | 30198500 | 30198500 | 30198500 | 0 | 100% |
| തനത് ഫണ്ട് | 1107858 | 3275530 | 4383388 | 2196447 | 2186941 | 50.11% |
| എസ്.ബി.ടി.- ജലനിധി | 1419036 | 13236283 | 14655319 | 13199895 | 1455424 | 90% |
| കുടുംബശ്രീ | 726 | 22 | 748 | 0 | 748 | 0 |
| സാക്ഷരത | 15198 | 456 | 15654 | 0 | 15654 | 0 |
| പശ്ചിമ ഘട്ടം | 3183497 | 79838 | 3263335 | 1566649 | 1696686 | 48 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 70540920 | 148 | 48491872 | 24 | 46 | 68% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 4178 | 810861 | 815039 | 807118 | 7921 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9566421 | 9566421 | 9566421 | 0 |
| മെറ്റീരിയൽ | 0 | 693579 | 693579 | 693579 | 0 |
| ആകെ | 4178.5 | 11070861 | 11075039 | 11067118 | 7921 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 28200 | 66 |
| കർഷക തൊഴിലാളി പെൻഷൻ | 4409300 | 393 |
| വിധവാ പെൻഷൻ | 10699100 | 930 |
| വാർദ്ധക്യകാല പെൻഷൻ | 11634000 | 1026 |
| 50 വയസ്സിനു മുകളിൽ ഉള്ളവർക്കുള്ള ധന സഹായം | 288500 | 34 |
| വികലാംഗ പെൻഷൻ | 3019400 | 284 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.5624 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ഉൾപ്പെടെയുള്ളവ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2) രശീതികൾ വഴി പിരിച്ചെടുക്കുന്ന തുകകളുടെ അടവ്, പിൻവലിക്കൽ പ്രവർത്തനങ്ങളിൽ മേലുദ്യോഗസ്ഥന്റെ പരിശോധന കാര്യക്ഷമമല്ല. രശീതി വഴി പിരിച്ചെടുക്കുന്ന തുകകളുടെ കൃത്യതയും, ബാങ്ക് ബുക്കിൽ ബുക്ക് ചെയ്യുന്ന ചെലവിന്റെ കൃത്യതയും പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
3) നികുതി നികുതിയേതര തനത് വരുമാനങ്ങളുടെ ഡിമാന്റ് കൃത്യമായി നിരീക്ഷിക്കുന്നില്ല.

4) മുഴുവൻ ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) പേഴ്സണൽ രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

6) പേഴ്സണൽ രജിസ്റ്ററിൽ തപാലുകൾ തീർപ്പാക്കിയത് രേഖപ്പെടുത്തുന്നില്ല.

7)തപാൽ വിതരണരജിസ്റ്ററിൽ കൈപ്പറ്റുന്ന തീയതി രേഖപ്പെടുത്തുന്നില്ല.

8) പേഴ്സണൽ രജിസ്റ്റർ മാസാന്ത്യ ത്രൈമാസ പരിശോധന നടത്തുന്നില്ല.

9) ഹോളിഡേ ഡ്യൂട്ടി രജിസ്റ്റർ, കോമ്പൻസേറ്ററി ലീവ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

10)ചുമതലകൈമാറ്റരജിസ്റ്ററിൽ, ചില ജീവനക്കാർ ചുമതല ഏറ്റെടുക്കുമ്പോൾ പേരെഴുതി ഒപ്പ് വെക്കുന്നില്ല.

11) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

12)മെമ്പർമാർ/ജീവനക്കാർ എല്ലാ പണം സ്വീകരിക്കലിനും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തി ഒപ്പ് വെയ്ക്കുന്നില്ല.
13)സ്റ്റോക്ക് രജിസ്റ്ററിൽ ചില ഇനങ്ങളിൽ സാധനങ്ങൾകൈപ്പറ്റിയവരുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല.

14) കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

15)സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടേയും കെട്ടിടങ്ങളുടേയും മറ്റു വാല്യുബൾസിന്റേയും വിവരം ലഭ്യമല്ല.

16) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

17) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.
18) വർഷാവസാനം സർക്കാരിലേക്കും മറ്റു ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തുകകൾ തനതു ഫണ്ടിൽസൂക്ഷിക്കുന്നുണ്ട്.ആയവ സമയബന്ധിതമായി അടവാക്കേണ്ടതാണ്.
19)പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.08.2018 | ജൂലൈ-2018 | 4.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2010 മുതൽ 26.03.2010വരെ | 2004-05മുതൽ 2008-09 വരെ | 23.04.2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. കുടിശ്ശിക തുകകളുടെ DCB പൊരുത്തപ്പെടുന്നില്ല.

2016-17 AFS പ്രകാരമുള്ള കുടിശ്ശിക(B-15,16-17) 2017-18ൽ പിരിച്ചതിന്റെയും (RP43)അവശേഷിക്കുന്നതിന്റെയും (B15,17-18) തുകകൾ താഴെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | കുടിശ്ശിക(B-15,16-17) | അരിയർ കലക്ഷൻ(RP43) | അരിയർ ബാലൻസ് B-15,17-18 |
|---|---|---|---|---|
| 1 | താമസത്തിനുള്ളകെട്ടിടം | 108746.98 | 61244 | 8528 |
| 2 | താമസേതര കെട്ടിടം | 99819 | 49404 | 45280 |
| 3 | തൊഴിൽനികുതി(Traders) | - | 3750 | _ |

2. തൻവർഷ DCB തുകകൾ താഴെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

AFS ലെ demand collection ശേഷമുള്ള balance തുക Balance sheet ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | Demand | Collection | Balance |
|---|---|---|---|---|
| 1. | താമസത്തിനുള്ളകെട്ടിടം | 1074521 | 1083233 | 21262 |
| 2 | താമസേതര കെട്ടിടം | 864996 | 744518 | 62357 |
| 3 | Profession tax (traders,institution | 116690 | 112940 | - |

3.ഡിമാന്റ് രജിസ്റ്ററിലെയും AFS ലെയും തുകകൾതാഴെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Building permit(ഡിമാന്റ്) | 65675 | 66809 |
| Property tax residential അരിയർഡിമാന്റ് | 108683 | 66577 |

| | | |
|---|---|---|
| Property tax residential അരിയർകലക്ഷൻ | 61244 | 58049 |
| Property tax residential അരിയർബാലൻസ് | 8528 | 8528 |
| Property tax residential കറന്റ്ഡിമാന്റ് | 1074521 | 1129879 |
| Property tax കറന്റ് കലക്ഷൻ | 1083233 | 1103617 |
| Property tax കറന്റ് ബാലൻസ് | 21260 | 21262 |
| Property tax non residential അരിയർ ഡിമാന്റ് | 99819 | 95401 |
| Property tax non residential അരിയർ കലക്ഷൻ | 49404 | 50130 |
| Property tax non residential അരിയർ ബാലൻസ് | 45280 | 45280 |
| Property tax non residential കറന്റ് ഡിമാന്റ് | 864996 | 908726 |
| Property tax non residential കറന്റ് കലക്ഷൻ | 744518 | 846369 |
| Property tax non residential കറന്റ് ബാലൻസ് | 62357 | 62357 |

4. Property tax കുടിശ്ശിക ബാലൻസ് പൊരുത്തപ്പെടുന്നില്ല.

| ഇനം | Demand (2016-17 AFS പ്രകാരം ബാലൻസ്) | Collection 2017-18 AFS പ്രകാരം | Balance | |
|---|---|---|---|---|
| | | | വരേണ്ട തുക | 2017-18 AFS ൽ വന്ന തുക |
| Property Tax (R) | 108746 | 61244 | 47502 | 8528 |

| | | | | |
|---|---|---|---|---|
| Property Tax (NR) | 99819 | 49404 | 50415 | 45280 |

5.ബാലൻസ് ഷീറ്റ് പ്രകാരമുള്ള മുൻകൂർ പിരിവ് receipt & payment ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഇനം | Schedule B9 | Schedule RP-36) |
|---|---|---|---|
| 1 | താമസത്തിനുള്ളകെട്ടിടം | 17524 | 1041 |
| 2 | താമസേതര കെട്ടിടം | 880 | - |

6.തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ വെച്ചിട്ടില്ല.

7.മുൻവർഷ AFSലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

8. ആസ്തി രജിസ്ററർ കാലികമല്ലാത്തതിനാൽ capital work in progress ൽ ഉൾപ്പെടുത്തിയ തുക Final bill നൽകിയപ്പോൾ ആസ്തിയാക്കി മാറ്റിയത് ആസ്തി രജിസ്ററിൽ വരവ് വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9. പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - അപാകതകൾ .

1) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

2017-18സാമ്പത്തിക വർഷത്തിൽ 109 സ്ഥാപനങ്ങളാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ടി സ്ഥാപനങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

2) ഡി&ഒലൈസൻസ്- എല്ലാ അപേക്ഷകർക്കും ലൈസൻസ് അനുവദിക്കുന്നില്ല.

2017-18സാമ്പത്തിക വർഷത്തിൽ 118 അപേക്ഷകൾ ഡി & ഒ ലൈസൻസ് ഇനത്തിലും 10 അപേക്ഷകൾ ലൈവ് സ്റ്റോക്ക് ഫാം(Poultry farm) ഇനത്തിലും ലഭിച്ചിട്ടുണ്ട്,എന്നാൽ 109 സ്ഥാപനങ്ങൾക്കും 5 ഫാമുകൾക്കും മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവടസ്ഥാപനങ്ങളിൽ നിന്നും ഫാമുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3).റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.ലൈസൻസ് അനുവദിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം-13 പ്രകാരം സെക്രട്ടറിക്ക് ഓരോ കെട്ടിടവും വാടകക്ക് നൽകിയ ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം വാടകക്ക് നൽകിയിട്ടുള്ളത് ഏത് ഉപയോഗത്തിനാണ് എന്നും കൈവശക്കാരൻ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാൻ ബാധ്യസ്ഥരാണോയെന്നും ആവശ്യപ്പെടാവുന്നതാണെന്ന് വ്യവസ്ഥയുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 8) D&O ലൈസൻസ് എടുക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ,തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട്.ഇത്തരത്തിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപനനികുതിയും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-3 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. മേലുത്തരവ് പ്രകാരം ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, എടപ്പറ്റ ഗ്രാമപഞ്ചായത്ത് 2017-18വർഷത്തിൽ ടെണ്ടർ ചെയ്ത 7 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ടെണ്ടർ സമർപ്പിച്ചവരുടെ പേരുവിവരവും തുകയും താഴെ ചേർക്കുന്നു.

| ടെണ്ടർ സമർപ്പിച്ചത് | പ്രവൃത്തി | ടെണ്ടർ ഫോമിന്റെ വില |
|---|---|---|
| സൈതലവി. പി.കെ | ഹൈസ്കൂൾ പടി - പാലച്ചേരി റോഡ്. | 1200 |
| | ചുള്ളിയോട്കുന്ന് നമസ്കാരപ്പള്ളി കോട്ടോപാടെ റോഡ് | 1000 |
| | വാരിയത്ത്പടി യുപി സ്കൂൾ കുണ്ടുകണ്ടൻപടി റോഡ് | 1000 |
| | ചേരിപ്പറമ്പ് പറയരുകുന്നു എസ്.സി കോളനി റോഡ് | 1200 |
| | പുല്ലപ്പറമ്പ് വിലങ്ങൻപാറ പുന്നക്കൽചോല റോഡ് | 1000 |
| | കരുവരട്ട പുളിയൻതോട് റോഡ് | 14000 |
| മുഹമ്മദ് അബ്ദുൽ റസാക്ക് | ഹൈസ്കൂൾ പടി - പാലച്ചേരി റോഡ്. | 1200 |
| | ചുള്ളിയോട്കുന്ന് നമസ്കാരപ്പള്ളി കോട്ടോപാടെ റോഡ് | 1000 |
| | വാരിയത്ത്പടി യുപി സ്കൂൾ കുണ്ടുകണ്ടൻപടി റോഡ് | 1000 |
| | ചേരിപ്പറമ്പ് പറയരുകുന്നു എസ്.സി കോളനി റോഡ് | 1200 |

| | | |
|---|---|---|
| | പുല്ലപ്പറമ്പ് വിലങ്ങൻപാറ പുന്നക്കൽചോല റോഡ് | 1000 |
| | കരുവരട്ട പുളിയൻതോട് റോഡ് | 1400 |
| അബ്ദു റഹിമാൻ ഷാഫി. | ഹൈസ്കൂൾ പടി - നെട്ടിക്കുന്നു റോഡ് | 1000 |
| | ആകെ | 14600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/27.9.2018 -ന മറുപടി നൽകിയിട്ടില്ല.

## 2-4 ലേലം-GST ഈടാക്കിയില്ല.

പഞ്ചായത്തിന്റെ മതിൽ പൊളിച്ചതിന്റെ കരിങ്കല്ല് 11.8.2017ന് ലേലം ചെയ്ത ഇനത്തിൽ 3760 രൂപ വരവുണ്ട്.എന്നാൽ ലേലം പിടിച്ച വ്യക്തിയിൽ നിന്ന് ആയതിന്റെ GST ഈടാക്കിയിട്ടില്ല.GST ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആസൂത്രണപ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലെ പാളിച്ചകൾ

ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾ 13 ാം പഞ്ചവൽസരപദ്ധതിയിലെ (2017-2022) ആദ്യവർഷപദ്ധതി(2017-18)തയ്യാറാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ GO(MS) നംപർ 72/2017/തസ്വഭവ /29-3-17 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കലാകാലങ്ങളായി ധനകാര്യവർഷം പകുതിയായാലും പ്രാദേശികപദ്ധതികൾ തയ്യാറാക്കി അംഗീകാരം നേടാൻ കഴിയാത്ത അവസ്ഥ ഇനിയും ആവർത്തിക്കരുത് എന്നതാണ് സർക്കാരിന്റെ സമീപനം. വർക്കിംഗ് ഗ്രൂപ്പുകൾതയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന വികസനരേഖ ഗ്രാമസഭയിൽ ചർച്ച ചെയ്ത് ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും ഗ്രാമസഭകൾ നടത്തണം എന്നത് നിർബന്ധവ്യവസ്ഥയാണെന്ന് മേൽ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.

എന്നാൽ എടപ്പറ്റ ഗ്രാമപഞ്ചായത്തിൽ 17-18 പദ്ധതി രൂപീകരണത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. 5 വാർഡുകളിലെ ഗ്രാമസഭ സമയബന്ധിതമായി പൂർത്തിയാക്കാത്തതു നിമിത്തം വാർഷികപദ്ധതി അന്തിമമാക്കേണ്ട 15-6-2017 നകം പൂർത്തീകരിക്കാൻ കഴിയില്ല എന്ന അവസ്ഥ സംജാതമാകുകയും ഇക്കാര്യത്തിൽ ജില്ലാ ആസൂത്രണസമിതി ഇടപെടുകയും ചെയ്തു.ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറും ത സ്വ ഭ വ പ്രിൻസിപ്പൽ സെക്രട്ടറിയും ഇക്കാര്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമായി ചർച്ച ചെയ്തതിന്റെയടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12-06-2017 ലെ ഡി 10-501/17 കത്തിന്റെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 5 വാർഡുകളിലെ ഗ്രാമസഭ സമയബന്ധിതമായി പൂർത്തിയാക്കാത്ത സാഹചര്യത്തിലും പദ്ധതിരൂപീകരണ പ്രക്രിയയുമായി മുന്നോട്ട് പോകുന്നതിന്ന് പ്രത്യേകാനുമതി നൽകുകയും ആയത് പ്രകാരം പദ്ധതിരൂപീകരണ പ്രക്രിയ പൂർത്തീകരിക്കുകയുമാണുണ്ടായത്.പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണെന്നും ആസൂത്രണത്തിൽ നിർണായകമായ പങ്കുവഹിക്കാൻ ജനങ്ങൾക്ക് എത്രമാത്രം അവസരമുണ്ടാവുന്നുവോ അത്രയും നല്ലതാണെന്നും മേലുത്തരവിൽ പലഭാഗങ്ങളിലായി സർക്കാർ വ്യക്തമാക്കിയിട്ടും മേൽപ്രകാരം ആസൂത്രണത്തിൽ പാളിച്ച സംഭവിച്ചത് ഒട്ടും ആശാസ്യകരമല്ല.

ആസൂത്രണത്തിന്റെ ഭാഗമായ സ്റ്റാറ്റ്യൂട്ടറി കമ്മറ്റികളുടെ പ്രവർത്തനങ്ങളും

തൃപ്തികരമല്ല.ആസൂത്രണസമിതി മൂന്ന് പ്രാവശ്യംയോഗം ചേർന്നെങ്കിലും തീരുമാനങ്ങളൊന്നും തന്നെയെടുത്തിട്ടില്ല. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കി പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനവും കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്. പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

ആസൂത്രണപ്രക്രിയയിലെ മേൽഅപാകതകൾ ഭരണസമിതിയിലും സ്റ്റാറ്റ്യൂട്ടറി കമ്മറ്റികളിലും ചർച്ച ചെയ്യുകയും ഭാവിയിൽ ഇത്തരം അപാകതകൾ വരുന്നില്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## 3-2 IKM ന് അധികവിഹിതം നൽകി; തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

IKM ന് വിഹിതം നൽകൽ (64/18) എന്ന പദ്ധതിക്കായി ട്രഷറി ബിൽ നംപർ 5/17-18/20-7-17 പ്രകാരം 60000 രൂപ പിൻവലിച്ച് IKMന് നൽകിയിട്ടുണ്ട്. എന്നാൽ IKM ന്റെ 25-10-17 ലെ IKM/imple(corp) /2189/17 കത്ത് പ്രകാരം 58035 രൂപയാണ് നൽകേണ്ടിയിരുന്നത്. 1965 രൂപ അധികം നൽകിയത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഈ തുക അടുത്ത വർഷത്തെ വിഹിതത്തിൽ നിന്ന് കുറവ് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-3 SSA വിഹിതം നൽകൽ; വിശദാംശം ലഭ്യമാക്കിയില്ല.

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

SSA വിഹിതം നൽകൽ (69/18) എന്ന പദ്ധതിക്കായി ട്രഷറി ബിൽ നംപർ 4/17-18/31-7-17 പ്രകാരം 300000 രൂപ പിൻവലിച്ച് SSAക്ക് നൽകിയിട്ടുണ്ട്. എന്നാൽ മുൻവർഷത്തെ വിനിയോഗസാക്ഷ്യപത്രം,തൻവർഷം ചെയ്യേണ്ട പ്രവൃത്തികളെ കുറിച്ചുള്ള വിശദാംശം എന്നിവയൊന്നും ലഭ്യമല്ല. അപാകത പരിഹരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/4-10-18) മേൽ വിശദാംശം സമയബന്ധിതമായി ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ പദ്ധതിക്ക് തുക നൽകുന്നതിന്ന് മുമ്പ് ഉറപ്പ് വരുത്തേണ്ട വസ്തുതകൾ ഉറപ്പ് വരുത്താതെ തുക നൽകിയത് ഒട്ടും ആശാസ്യമല്ല. അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 3-4 GST രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് GST കുറവ് ചെയ്യാതെ തുക നൽകി; തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

താഴെ പറയുന്ന സ്ഥാപനം ഹാജരാക്കിയ ബില്ലുകളിൽ GST രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശം ഇല്ല. എന്നാൽ ഈ സ്ഥാപനത്തിന് GST ഈടാക്കാതെ മുഴുവൻ തുകയും നൽകിയതായി കാണുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

ഇനം: പ്രിന്റിംഗ് ചാർജ് കൊടുത്തത്.

സ്ഥാപനം: തയ്യിൽ പ്രിന്റേഴ്സ് മേലാറ്റൂർ

തുക നൽകിയതിന്റെ വിശദാംശം

| ക്ര നം | വൗച്ചർ നംപർ | തുക (രൂപ) | ചെലവിനം |
|---|---|---|---|
| 1 | 21700223/11-7-17 | 7760 | നോട്ടീസ് പ്രിന്റിംഗ് ചാർജ് |
| 2 | 21700224/11-7-17 | 1560 | നോട്ടീസ് പ്രിന്റിംഗ് ചാർജ് |
| 3 | 21700245/15-7-17-17 | 51322 | പദ്ധതി രൂപീകരണം; പ്രിന്റിംഗ് ചാർജ് |
| 4 | 21700342/25-8-17 | 32730 | പദ്ധതി രൂപീകരണം; പ്രിന്റിംഗ് ചാർജ് |
| 5 | 21700567/17-11-17 | 15925 | പദ്ധതി രൂപീകരണം; പ്രിന്റിംഗ് ചാർജ് |
| 6 | 21700968/13-3-18 | 36750 | പദ്ധതി രൂപീകരണം; പ്രിന്റിംഗ് ചാർജ് |
| | ആകെ | 146047 | |

GST രജിസ്ട്രേഷൻ ഇല്ലാത്ത മേൽ സ്ഥാപനത്തിന് GST കുറവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനത്തിന് നോട്ടീസ് അയച്ചിട്ടുണ്ടെന്നും തുക ഈടാക്കാൻ നടപടിസ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.GST നിയമപ്രകാരമുള്ള തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-5 സർവ്വീസ് ടാക്സ് അടവാക്കിയില്ല.

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു മുകളിൽ മീറ്റിംഗ് ഹാൾ നിർമ്മാണം എന്ന പ്രൊജക്റ്റിന്റെ ആകെ മൂല്യനിർണ്ണയ തുകയോടൊപ്പം വകയിരുത്തിയ സേവന നികുതി 46967 രൂപയിൽ 46000 രൂപ ബിൽ നമ്പർ 58/27.2.2018 പ്രകാരം പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ അൻവർ എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ 42248 രൂപ സേവന നികുതി അടവാക്കിയതിന്റെ രേഖ മാത്രമാണ് കരാറുകാരൻ പരിശോധനക്ക് ഹാജരാക്കിയത്. അധികം നൽകിയ 3752 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 3/27.9.2018- ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 3-6 വെയിംഗ് മെഷിൻ അധികവില നൽകി.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടിയിലേക്ക് വെയിംങ് മെഷിൻ വാങ്ങൽ (76/18) എന്ന പ്രൊജക്റ്റിൽ വെയിംഗ് മെഷിന് സപ്ലൈ ചെയ്യുന്നതിനു ടെണ്ടറിൽ ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞ തുക റിയൽ ഗ്രൂപ് ഓഫ് കമ്പനീസിന്റെ 2200 രൂപയാണ്.

സ്ഥാപനം ഹാജറാക്കിയ 54/28.2.18 നമ്പർ ഇൻവോയിസ് പ്രകാരം 14 മെഷിനുകൾ 33600 രൂപക്ക് സപ്ലൈ ചെയ്തിട്ടുണ്ട്. ട്രഷറി ബിൽ നമ്പർ 13/15.3.2018 പ്രകാരം 33600 രൂപ സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. ആകെ നൽകാമായിരുന്നത് 30800 (14*2200)രൂപയാണ്. അധികം നൽകിയ 2800 രൂപ തിരിച്ചടക്കേണ്ടതാണ്.ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/1.10.2018 -ക്ക് അധികം നൽകിയ തുക സ്ഥാപനത്തിൽനിന്നു ഈടാക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്. ഈടാക്കുന്നത് വരെ 2800 രൂപ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ബാധ്യതയായി നിലനിർത്തുന്നു.

## 3-7 ന്യൂട്രിമിക്സിന്റെ ജി എസ് ടി അധിക നിരക്കിൽ നൽകി.

| | |
|---|---|
| പ്രൊജക്ട് | : അംഗനവാടി അനുപൂരക പോഷകാഹാരം എസ്.സി (70/2018) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| സ്റ്റാന്റിംഗ് കമ്മറ്റി | : ക്ഷേമകാര്യം |
| അടങ്കൽ | : 3,00,000/- |
| ചെലവ് | : 1,58,305/- Bill No. 06/2017-18, 17.11.17 |

സഞ്ജീവിനി കുടുംബശ്രീ യൂണിറ്റ്, താഴെകോട് എന്ന സ്ഥാപനത്തിൽ നിന്നാണ് അംഗനവാടികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. GO(MS)No. 1450/2018 LSGD, Dtd 25.05.2018 ഉത്തരവ് പ്രകാരം 01.11.2017 മുതൽ അമൃതം ന്യൂട്രിമിക്സിന്റെ ജി എസ് ടി 5% ആക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ താഴെ ചേർത്ത ബില്ലുകൾ പ്രകാരം അധിക നിരക്കിൽ (18%) ജി എസ് ടി നൽകിയത് മൂലം 17335/- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Invoice No & Date | Bill No & Date | അനുവദിച്ച നികുതി | അനുവദിക്കാവുന്ന നികുതി | അധികം |
|---|---|---|---|---|
| 14/ 01.11.2017 | 06/2017-18, 17.11.17 | 24003 | 6668 | 17335 |

ജി.എസ്.ടി ഇനത്തിൽ അധികം നൽകിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/1.10.2018 ക്ക് നൽകിയ മറുപടിയിൽ അധികം നൽകിയ തുക ക്രമീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. അധികം നൽകിയ തുക തടസ്സം ചെയ്യുന്നു.

## 3-8 പി.എം.എ.വൈ വിഹിതം വിനിയോഗിച്ചില്ല.

പി.എം.എ.വൈ വിഹിതം അടവാക്കുന്നതിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തുന്ന മൂന്ന് പ്രോജക്ടുകൾ ഉണ്ട്. എസ്.സി ഫണ്ട് വകയിരുത്തിയ രണ്ട് പ്രോജക്ടുകളും ഒരു ജനറൽ ഫണ്ട് വകയിരുത്തിയ പ്രോജക്ടും. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | അടവാക്കിയ തുക | ബിൽ നമ്പർ | വിനിയോഗിച്ച തുക |
|---|---|---|---|---|
| 59/18 | 287000 | 287000 | 04/25.1.2018 | 50000 |
| 72/18 | 20000 | 20000 | 03/25.1.2018 | 20000 |
| 259/18 | 20000 | 20000 | 11/25.1.2018 | 20000 |

മേൽ തുകകൾ കാളികാവ് ഗ്രാമ പഞ്ചായത്തിന് അനുവദിക്കുകയും രസീതി ഫയലിൽ ഉള്ളടക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ സ്പിൽ ഓവർ പ്രോജക്ടായി ഉൾപെടുത്തിയ എസ്.സി ഫണ്ട് വകയിരുത്തിയ 59/18 പ്രോജക്ടിൽ പഞ്ചായത്ത് അടവാക്കിയ തുക മുഴുവനായി വിനിയോഗിച്ചിട്ടില്ല എന്ന് കാണുന്നു. 287000 രൂപ അടവാക്കിയതിൽ 50000 രൂപ മാത്രമേ വിനിയോഗിക്കാനായിട്ടുള്ളൂ എന്ന് രേഖകൾ വ്യക്തമാക്കുന്നു. അവശേഷിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുകയോ തുക സർക്കാർ ഹെഡിൽ തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-9 വായന ശാലക്ക് പത്രങ്ങൾ-രേഖകൾ പൂർണമല്ല.

ഹെഡ് മാസ്റ്റർ നിർവഹണം നടത്തുന്ന 204/18 പ്രോജക്ട് വായനശാലകൾക്ക് നൽകിയ പത്രങ്ങളുടെ വില നൽകുന്നതിന് ലക്ഷ്യമിട്ടാണ്. തനത് ഫണ്ട് അൻപതിനായിരം രൂപ വകയിരുത്തിയ പ്രോജക്ടിൽ 11900 രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ കൊടുത്ത വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.പഞ്ചായത്തിലെ പുല്ലുപറമ്പ് , ഓലപ്പാറ, ബാലവാടിപ്പടി എന്നീ മൂന്ന് വായനശാലകൾക്ക് 04/17 മുതൽ 01/2018 വരെയുള്ള പത്ത് മാസത്തേക്ക് പത്രം അനുവദിക്കുന്നതിന് 6300 രൂപ രാധാകൃഷ്ണൻ എന്ന പത്ര ഏജന്റിന് നൽകുന്നതായി ഫയലിൽ ഉണ്ട്. എന്നാൽ അവശേഷിച്ച തുക ആർക്കാണ് നൽകിയത് എന്ന് വ്യക്തമല്ല.

2.ഹെഡ് മാസ്റ്റർ നിർവഹണം നടത്തുന്ന മറ്റൊരു പ്രോജക്ട് ഫയലിൽ തനത് ഫണ്ടിൽ നിന്ന് 5600 രൂപ കെ.വി. വർഗീസ് എന്ന വ്യക്തിക്ക് നൽകുന്നതായി കാണുന്നു. എന്നാൽ ഈ തുക എന്ത് ആവശ്യത്തിനാണ് നൽകിയത്, പത്രം നൽകിയ വിവരങ്ങൾ, തുടങ്ങിയ വിശദാംശങ്ങൾ ഒന്നും ഫയലിൽ ഉൾപെടുത്തിയിട്ടില്ല.

ഈ തുക നൽകിയത് പാതിരിക്കോട് ദേശിയ വായനശാലക്ക് പത്രം നൽകിയ വകയിൽ നൽകിയതാണ് എന്ന് ഹെഡ്മാസ്റ്റർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ വിശദാശങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3.പത്രം അനുവദിക്കുന്നത് പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമല്ല. പഞ്ചായത്ത് തീരുമാനത്തിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4.GO(Rt)2148/14 /Lsgd തിയ്യതി 19.08.2014 ഉത്തരവ് പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ കീഴിലുള്ള ലൈബ്രറികൾക്കാണ് ഫർണിച്ചർ, പുസ്തകം എന്നിവ വാങ്ങി നൽകാൻ നിർദേശമുള്ളത്. എന്നാൽ മേൽ ലൈബ്രറികൾക്ക് കേരള ഗ്രന്ഥശാല സംഘത്തിന്റെ അനുമതി ഉണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

5.സെക്രട്ടറിയുടെ തനത് ഫണ്ട് വൗച്ചറുകളിലും മുകളിൽ പരാമർശിച്ച മൂന്ന് സ്ഥപനങ്ങൾക്ക് പത്രം വാങ്ങുന്നതിന് തുക നൽകി വരുന്നതായി കാണുന്നു. ഈ കാലയളവിൽ ഇതേ ലൈബ്രറികളിലേക്ക് പത്രം നൽകുന്നതിന് സെക്രട്ടറിയുടെ ഫണ്ടിൽ നിന്ന് തുക നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ വിവരങ്ങൾ ഉടൻ സമർപ്പിക്കുന്നതാണ് എന്ന് വിശദീകരണം നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-10 വാങ്ങിയ ഉപകരണങ്ങൾ പ്രയോജനപെടുത്താനായില്ല.

വെറ്റിനറി സർജൻ നിർവഹണം നടത്തുന്നതാണ് 123/18 പ്രോജക്ട്. മൃഗാശുപത്രിയിലേക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പ്രോജക്ട്. റോഡിതര മെയിന്റനൻസ് ഫണ്ട് 70000 വകയിരുത്തിയ പ്രോജക്ടിന് 69790 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ബിൽ നമ്പർ 10/24.03.2018 പ്രകാരം 68500 രൂപയും ബിൽ നമ്പർ 12/27.03.2018 പ്രകാരം 1290 രൂപയും പ്രോജക്ട് നിർവഹണത്തിനായി പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവർട്ടർ, റഫ്റിജറേറ്റർ, സ്റ്റബിലൈസർ എന്നിവയാണ് പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്നത്.

ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചാണ് ഉപകരണങ്ങൾ വാങ്ങുന്നത്. 2000 വാട്ട്സിന്റെ ഇൻവർട്ടർ, 100Ah ട്യൂബുലാർ ബാറ്ററി എന്നിവയാണ് വാങ്ങിയിട്ടുള്ളത്. അൽഫ ഇലക്ട്രോണിക്സ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നാണ് ഇവ വാങ്ങുന്നത്. ഇൻവർട്ടറിന്റെ വില 11017 രൂപയും . ബാറ്ററിയുടെ വില 11695 രൂപയും, ഇൻസ്റ്റലേഷൻ വയറിങ്ങ് എന്നിവക്കായി 3400 രൂപയും ഉൾപ്പെടെ 44000 രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ടിന്റെ പ്രായോഗിക ഫലപ്രാപ്തി വിലയിരുത്തുന്നതിനായി ഓഡിറ്റ് ടീം ഡിസ്പെൻസറി സന്ദർശിക്കുകയുണ്ടായി. 2kva ഇൻവർട്ടർ ഉപയോഗിച്ച് വെറ്റിനറി ഡിസ്പൻസറിയിലെ ലൈറ്റുകൾ, ഫ്രിഡ്ജ്, കമ്പ്യൂട്ടർ എന്നിവയെല്ലാം വൈദ്യുതിയില്ലാത്ത അവസരങ്ങളിൽ അനായാസം പ്രവർത്തിപ്പിക്കാവുന്നതാണ്. എന്നാൽ ഈ ഇൻവർട്ടർ ഉപയോഗിച്ച് ഓഫീസിലെ കമ്പ്യൂട്ടർ മാത്രമാണ് നിലവിൽ പ്രവർത്തിപ്പിക്കാനാവുന്നത് എന്ന് പരിശോധനയിൽ വ്യക്തമാവുന്നു. യു.പി.എസ്സിലേക്ക്

മാത്രമാണ് ഇൻവർട്ടർ കണക്ട് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാവുന്നു. ഇൻവർട്ടർ ഫലപ്രദമായി ഉപയോഗിക്കാനാവുന്ന വിധത്തിൽ വയറിങ്ങ് നടത്തുന്നതിന് ഉപകരണം സപ്ളൈ ചെയ്ത ഏജൻസിക്ക് തുക നൽകിയിട്ടുണ്ട് എങ്കിലും വയറിങ്ങ് പ്രവർത്തി നിർവഹിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു. ഇൻവർട്ടർ നേരിട്ട് മെയിൻ സ്വിച്ചിലേക്ക് കണക്ട് ചെയ്യുകയും വൈദ്യുതിയില്ലാത്ത സമയത്ത് എല്ലാ വൈദ്യുത ഉപകരണങ്ങളും പ്രവർത്തിപ്പിക്കാവുന്ന രീതിയിലേക്ക് മാറ്റാവുന്നതാണ് എങ്കിലും അപ്രകാരം ചെയ്തിട്ടില്ല . തുടർച്ചയായി വൈദ്യുതി മുടങ്ങുന്ന അവസരങ്ങളിൽ ഫ്രിഡ്ജ് പ്രവർത്തിപ്പിക്കാനാവത്തത് കാരണം മരുന്നുകൾ നശിക്കുന്നതായി അറിയുന്നു. വാങ്ങിയ ഉപകരണങ്ങൾ ആറ് മാസം കഴിഞ്ഞിട്ടും ഫലപ്രദമായി ഉപയോഗിക്കാനായില്ല എന്നത് വീഴ്ചയാണ്.വാങ്ങിയ ഇൻവർട്ടർ ഫലപ്രദമായി ഉപയോഗിക്കാവുന്ന വിധത്തിൽ മൃഗാശുപത്രിയിലെ വയറിംഗ് പുനക്രമികരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ഇടപെടലുകൾ അനിവാര്യമാണ് . അപാകത പരിഹരിക്കേണ്ടതാണ്.

## 3-11 മരുന്ന് ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപറയുന്ന പ്രൊജക്ടുകൾ പ്രകാരം, പി എച്ച്. സിയിലേയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി,കേരള മെഡിക്കൽ സർവ്വീസസ് കോപ്പറേറ്റീവ് സൊസൈറ്റിയിലേയ്ക്ക് തുക മുൻകൂറായി നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേരും നമ്പരും | ബിൽനം/ചെക്ക് &തീയതി | തുക | പ്രഫോർമ ഇൻവോയ്സ് നം&തീയതി | കെഎംഎസ്സി എല്ലി ലേയ്ക്ക് അടവാക്കിയ തുക | ലഭിച്ച മരുന്നിന്റെ വിവരം | ലഭിയ്ക്കാന വശേഷിയ്ക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|---|---|---|
| സമഗ്ര പരിരക്ഷ പാലിയേറ്റീവ് കെയർ- 150/17-18 | 12/17-18 dtd 28.03.2018 | 25000 | PRF-3916/ 31.01.2018 Rs 23937<br>PRF1207/ 31.01.2018 Rs 1063 | 25000 | ലഭിച്ചിട്ടില്ല. | 25000 |
| വൃദ്ധ ജനങ്ങൾക്ക് പാലിയേറ്റീവ് കെയർ-147/18 | 13/17-18 dtd 28.03.2018 | 25000 | PRF-1728/ 14.03.2018 Rs 7608<br>PRF-4875/ 14.03.2018 Rs 17392 | 25000 | ലഭിച്ചിട്ടില്ല. | 25000 |
| ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ | 11/17-18 dtd 28.03.2018 | 300000 | PRF-780/ 21.12.2017 Rs 81653<br>PRF-3178/ 21.12..2017 Rs 68347 | 300000 | ലഭിച്ചിട്ടില്ല. | 300000 |

| | | | | |
|---|---|---|---|---|
| | PRF-4542/<br>27.02.2018<br>Rs 87250 | | | |
| | PRF-1555/<br>27.02.2018<br>Rs 62750 | | | |
| ആകെ | | 3,50,000 | | 3,50,000 |

ഓഡിററ് തീയതി വരെയും മരുന്നുകൾ ലഭ്യമായിട്ടില്ല , ഇത് സംബന്ധിച്ച് കത്തിടപാടുകൾ ഒന്നും നടത്തിയിട്ടില്ല. മരുന്ന് ലഭ്യമാകുന്നത് വരെ 3,50,000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-12 ക്വട്ടേഷൻ നടപടികളിൽ സുതാര്യതയില്ല.

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തുന്നതാണ് 134/18 പ്രോജക്ട്. ആയുർവേദ ഡിസ്പെൻസറിയിലേക്ക് മോട്ടോർ വാങ്ങുന്നതിനാണ് പ്രോജക്ട്. റോഡിതര മെയിന്റനൻസ് ഫണ്ട് 20000 വകയിരുത്തിയ പ്രോജക്ടിന് 18250 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ബിൽ നമ്പർ 01/24.10.2017 പ്രകാരം പ്രോജക്ട് നിർവഹണത്തിനായി തുക പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ച് , താഴെകൊടുത്ത വസ്തുതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1.ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചാണ് മോട്ടോർ വാങ്ങുന്നത് എന്ന് വ്യക്തമാവുന്നു.എന്നാൽ ക്വട്ടേഷൻ നോട്ടീസ് പൊതു ഇടങ്ങളിൽ പരസ്യം ചെയ്തതായി വ്യക്തമല്ല.മറ്റൊരു ഓഫീസിലേക്കും ക്വട്ടേഷൻ നോട്ടീസ് കോപ്പി മാർക്ക് ചെയ്തതായി കാണുന്നില്ല.

2.മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷനിൽ പങ്കെടുക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പ്രിഫക്ട് ഇലക്ട്രിക്കൽസ് പെരിന്തൽമണ്ണ, ഇലക്ട്രോ ഇലക്ട്രിക്കൽസ് മേലാറ്റൂർ, റംസാൻ ഇലക്ട്രിക്കൽസ് ഉച്ചാരക്കടവ് എന്നിവയാണ് അവ. എന്നാൽ ആദ്യ രണ്ട് സ്ഥാപനങ്ങൾ നിലവിലില്ലാത്തവയാണ് എന്ന് വ്യക്തമാവുന്നു. സ്ഥാപനങ്ങൾ ഹാജരാക്കിയ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ ഫോൺ നമ്പറും , വിവരങ്ങളും വസ്തുതാപരമല്ല. ആദ്യം പരാമർശിച്ച സ്ഥാപനത്തിന്റെ പേരിൽ പോലും അക്ഷരതെറ്റുകൾ പ്രകടമാണ്. സ്ഥാപനങ്ങളുടെ സീൽ, GST രജിസ്ട്രേഷൻ എന്നിവയും ക്വട്ടേഷനുകളിൽ ഇല്ല എന്ന് കാണുന്നു.നിലവിലില്ലത്ത സ്ഥാപനങ്ങളുടെ ക്വട്ടേഷൻ ഫയലിൽ ഉള്ളടക്കം ചെയ്യുന്ന പ്രവണത ആശാവഹമല്ല.

3.പർച്ചേസ് കമ്മിറ്റിയുടെ 07.11.2017 ലെ യോഗത്തിൽ ആയർവേദ ഡിസ്പെൻസറിയിലേക്കുള്ള മോട്ടോർ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് വാങ്ങാൻ തീരുമാനിക്കുന്നുണ്ട്. എന്നാൽ ക്വട്ടേഷൻ നടപടികൾ പൂർത്തിയായ ശേഷം പർച്ചേസ് കമ്മിറ്റിയുടെ തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

നടപടിക്രമങ്ങളിലെ വീഴ്ച്ചകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് നിർദേശിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 വി.ഇ.ഒ യുടെ പ്രോജക്ടുകൾ - ഒരു അവലോകനം

1.ഓഡിറ്റ് വർഷം വി.ഇ.ഒ എട്ട് പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഒരു സ്പിൽ ഓവർ പ്രോജക്ടും ഏഴ് പുതിയ പ്രോജക്ടുകളും. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 46.57 ലക്ഷം രൂപയാണ്. ഇതിൽ വി.ഇ.ഒ ഏഴ് പ്രോജക്ടുകൾ നിർവഹിച്ചിട്ടുണ്ട്. ഒരു പ്രോജക്ട് മാത്രമാണ് തൽവർഷം നിർവഹണം സാധ്യമാകാതിരുന്നത് എന്ന് കാണുന്നു. 32.74 ലക്ഷം രൂപ പദ്ധതി നിർവഹണത്തിനായി ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയിൽ 70.3 ശതമാനം ചെവലഴിക്കാനായി എന്നത് ശ്രദ്ധേയമാണ്.

എന്നിരുന്നാലും 13.83 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ വി.ഇ.ഒക്കായില്ല എന്ന് കാണുന്നു. പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

2.ഭവന പുനരുദ്ധാരണത്തിന് ധന സഹായം നൽകുന്നതിന് മൂന്ന് പ്രോജക്ടുകൾ ഉണ്ട്. മുപ്പത് ലക്ഷം രൂപ ഈ ആവശ്യത്തിനായി വകയിരുത്തുകയും 25.75 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.പതിനെട്ട് എസ്.സി ഗുണഭോക്താക്കൾക്ക് 75000 രൂപ വീതവും, 55 ജനറൽ വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾക്ക് 25000 രൂപ വീതവും ധനസഹായം നൽകാൻ ഗ്രാമപഞ്ചായത്തിനായിട്ടുണ്ട്. കെട്ടിടങ്ങളുടെ പഴക്കം കൃത്യമായി വിലയിരുത്താതെയാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നത് എന്നും മുൻപ് ഗ്രാമ പഞ്ചായത്തിൽ നിന്ന് ഈ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ടോ എന്ന വിവരം പരിശോധിക്കുന്നില്ല എന്നും ശ്രദ്ധയിൽ പെടുത്തുന്നു.

3.ഗുണഭോക്താക്കളിൽ പലരും യഥാസമയം കരാർ വെക്കുകയോ, ആവശ്യമായ രേഖകൾ നിർവഹണ ഉദ്യോഗസ്ഥന് സമർപ്പിക്കുകയോ ചെയ്യാത്തതാണ് പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക ഭാഗികമായി ചെലവഴിക്കുകയോ, തീരെ ചെലവ് ചെയ്യാതിരിക്കുകയോ ചെയ്യുന്നതിന് കാരണമാവുന്നത് എന്ന് വ്യക്തമാവുന്നു. ഇത് വിവിധ ആനുകൂല്യങ്ങൾക്കായി തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ അർഹത നിർണയിച്ചതിൽ പിഴവ് വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നു. ലിസ്റ്റിൽ ഉൾപെട്ട ഗുണഭോക്താക്കൾ യഥാസമയം രേഖകൾ ഹാജരാക്കുന്നതിലും , കരാർ വെക്കുന്നതിലും വാർഡ് മെമ്പർമാരുടെ ജാഗ്രത അനിവാര്യമാണ്.

## 3-14 ആശ്രയ പദ്ധതി - അവലോകനം.

സമൂഹത്തിലെ നിരാലമ്പരും നിരാശ്രയരുമായ ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ അതിജീവനമാണ് ആശ്രയ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. അഗതികൾക്ക് പാർപ്പിട യോഗ്യമായ വീട്, വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്തവർക്ക് ഭൂമി, വീട് റിപ്പയർ, സാനിറ്ററി കക്കൂസ്, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വസ്ത്രം തുടങ്ങിയ ഭൗതിക സൗകര്യങ്ങളും, പെൻഷൻ, സ്വയം തൊഴിൽ പരിശീലനം മുതലായ അതിജീവനോപാധികളും നൽകുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. എടപ്പറ്റ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ആശ്രയ പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങളുടെ ലക്ഷ്യപ്രാപ്തി സബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു.

A. പൊതുവിവരം.

| വിവരണം | | ഒന്നാംഘട്ടം | തുടർസേവന ഘട്ടം |
|---|---|---|---|
| പദ്ധതി കാലയളവ് | | 2011-14 | 2016-19 |
| പദ്ധതി അടങ്കൽ | | 7216400 | 1857749 |
| പദ്ധതി ചെലവ് | | 3935400 | 1857749 |
| ചെലവ് ശതമാനം (%) | | 54.5 | 100 |
| ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | Gen | 22 | 26 |
| | SC | 17 | 06 |
| | ന്യൂനപക്ഷം | 62 | |

| | | | |
|---|---|---|---|
| | Total | 101 | 32 |

B. വിഭവം/ സ്രോതസ്

| സ്രോതസ് | ഒന്നാം ഘട്ടം | തുടർ സേവനഘട്ടം |
|---|---|---|
| വികസന ഫണ്ട് | 3327500 | 854500 |
| തനത് ഫണ്ട് | | 3000 |
| സ്പോൺസർഷിപ്പ് | | 123000 |
| വികസന ഫണ്ട് (എസ്.സി) | | 275000 |
| ചലഞ്ച് ഫണ്ട് | 1383371 | 602249 |
| ആകെ | 4710871 | 1857749 |

C. ചെലവ് വിവരം/ നടപ്പാക്കിയ പ്രൊജക്റ്റുകൾ.

a). ഒന്നാം ഘട്ടം

| ലക്ഷ്യം | പ്രൊജക്റ്റ് പ്രകാരം വിഭാവനം ചെയ്തത് | നടപ്പിലാക്കിയത് | പ്രതീക്ഷിത ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| സ്ഥലം വാങ്ങൽ | 14 | 0 | 1050000 | 300000 |
| ഭവനനിർമ്മാണം | 33 | 17 | 4125000 | 2075000 |
| ചികിത്സ | 100 | 0 | 900000 | 0 |
| ഭക്ഷണവിതരണം | 101 | 46 | 363000 | 1086800 |
| വിദ്യാഭ്യാസം | 106 | 0 | 212000 | 0 |
| കക്കൂസ് | 08 | 0 | 26400 | 0 |
| വീട് റിപ്പയർ | 33 | 31 | 495000 | 465000 |
| കിണർ | 4 | - | 20000 | 0 |
| തൊഴിൽ യൂണിറ്റ് | 101 | - | 15000 | 0 |
| പദ്ധതി നിർവ്വഹണം | | | 10000 | 8600 |
| ആകെ | | | 7216400 | 3935400 |

b). ആശ്രയ തുടർ സേവന ഘട്ടം (2016-19)

| ലക്ഷ്യം | പ്രൊജക്റ്റ്പ്രകാരം വിഭാവനംചെയ്തത് | നടപ്പിലാക്കിയത് | പ്രതീക്ഷിത ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| സ്ഥലം വാങ്ങൽ | 0 | | 0 |
| ഭവനനിർമ്മാണം | 4 | | 1000000 |
| ചികിത്സ | 32 | 0 | 238500 |
| ഭക്ഷണവിതരണം | 32 | | 349200 |
| വിദ്യാഭ്യാസം | 10 | -- | 81000 |
| വീട് റിപ്പയർ | 0 | -- | -- |
| വസ്ത്രം | 32 | -- | 123000 |
| തൊഴിൽയൂണിറ്റ് | 0 | -- | 50000 |
| പദ്ധതി നിർവ്വഹണം | | | 16049 |
| ആകെ | | | 1857749 |

D. ഓഡിറ്റ് നിരീക്ഷണം.

1). പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മൊത്തം 72.16 ലക്ഷം രൂപയുടെ സൗകര്യങ്ങളും സേവനങ്ങളുംനൽകുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും 39.35 ലക്ഷം രൂപമാത്രമാണ്ചെലവഴിക്കാനായത്.

2). ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് ശേഷം തുടർ സേവനങ്ങൾ ആവശ്യമായ മുപ്പത്തിരണ്ട് കുടുംബങ്ങളെമാത്രം കണ്ടെത്തി സേവനങ്ങൾ നൽകാനാണ് ലക്ഷ്യമിട്ടത്. ഈ കുടുംബങ്ങളിലെ സേവനങ്ങൾആവശ്യമായ ആകെ ഗുണഭോക്താക്കളുടെ എണ്ണം 82 ആണ്. ഇതിനായി ഭരണസമിതിതീരുമാനപ്രകാരം ഒന്നാം ഘട്ട പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിച്ച 1857749 രൂപയാണ്നീക്കിവെച്ചിട്ടുള്ളത്.

3). തുടർ പദ്ധതിയുടെ ഭാഗമായി നീക്കിവെച്ച തുകയിൽ നിന്ന് ഭക്ഷണം നൽകുന്നതിന് മാത്രമാണ് നാളിത് വരെ തുക ചെലവഴിച്ച്കാണുന്നത്.തുടർസേവനങ്ങൾഫലപ്രദമായിനടപ്പിലാക്കുന്നതിന് കുടുംബശ്രീ സംവിധാനത്തിനായിട്ടില്ല എന്ന് വ്യക്തമാവുന്നു.

4). പദ്ധതിയുടെ ഗുണഭോക്താക്കളെ (അഗതികളെ) തെരഞ്ഞെടുത്ത ശേഷം അവർക്ക്ആവശ്യമായ സൗകര്യങ്ങളും, സേവനങ്ങളുമാണ് പദ്ധതിയുടെ ഭാഗമാക്കിയിരുന്നത്. പദ്ധതി പ്രകാരം ചികിത്സ നൽകുന്നതിനുള്ള നീക്കിയിരുപ്പ് ഉണ്ടായിട്ടും പദ്ധതി കാലയളവിൽ ചികിത്സ ഇനത്തിൽ ആർക്കുംസഹായം നൽകിയിട്ടില്ല എന്ന് കാണുന്നു.അതേസമയം ഭക്ഷണം നൽകുന്നതിന് പദ്ധതിയിൽവകയിരുത്തിയതിനേക്കാൾ അധികം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

5). തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ പദ്ധതിക്ക് ഭാഗികമായി ലക്ഷ്യംപാർപ്പിട യോഗ്യമായ വീട്, വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്തവർക്ക് ഭൂമി, വീട് റിപ്പയർ, ഭക്ഷണം കൈവരിക്കാനായിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.സമഗ്രമായ ഒരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലല്ല പ്രവർത്തനങ്ങൾ നടത്തിയത് എന്ന് അതിജീവനോപാധികൾക്ക് തുക ചെലവഴിച്ചില്ല എന്ന വസ്തുത വ്യക്തമാക്കുന്നു

6). സാമൂഹികമായും സാമ്പത്തികമായും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ടവിഭാഗങ്ങളുടെ നിലനിൽപ്പിനും അതിജീവനത്തിനും വേണ്ടി വിഭാവനം ചെയ്ത പ്രൊജക്ട്ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും പേരായ്മകൊണ്ട് തുടർ സേവന

പ്രോജക്ട് കേവലം ഒരുഭക്ഷണ വിതരണ പദ്ധതിയായി മാറിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

7). പദ്ധതിയുടെ നിർവ്വഹണ ഘട്ടങ്ങളിൽ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയോ, പഞ്ചായത്ത് ഭരണ സമിതിയുടെയോ യുക്തവും ശക്തവുമായ ഇടപെടലുകൾ ഇല്ലാത്തത് പദ്ധതി പൂർണമായി ലക്ഷ്യംകൈവരിക്കുന്നതിന് തടസ്സമായതായി ഓഡിറ്റ് വിലയിരുത്തുന്നു.

8). തുടർസേവന പ്രോജക്ട് 2018-19 വർഷം പൂർത്തിയാവുന്ന വിധത്തിലാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ധനകാര്യ വിശകലനത്തിൽ പരാമർശിച്ച പ്രകാരമുള്ളലക്ഷ്യങ്ങൾ കൈവരിക്കാൻ വ്യക്തമായ ആസൂത്രണത്തോടെ പദ്ധതി പ്രവർത്തനങ്ങൾനിർവ്വഹിക്കാൻ ശ്രമിക്കേണ്ടതാണ്.

9). ആശ്രയ പ്രോജക്ടിനായുള്ള തുക നാല് ബാങ്കുകളിലായാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഇതിൽ ഒരു അക്കൗണ്ട് എസ്.ബി.ഐയിലും ബാക്കി മൂന്നെണ്ണം എടപ്പറ്റ കോ ഓപ്പറേറ്റിവ് ബാങ്കിലുമാണ് എന്ന് കാണുന്നു. 30.03.2018 ൽ ഈ അക്കൗണ്ടുകളിലെ ആകെ ബാലൻസ് തുക 1128945 രൂപയാണ് എന്ന് കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | | 2017-18 | 341500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക്സ്കോളർഷിപ്പ് (774/18) | 341500 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 56191 | 2017-18 | 0 | ക്ഷീരകർഷകർക്ക് പാലിന്സബ്സിഡി | 0 | 56191 |
| | | 2017-18 | 42500 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് (126/18) | 42500 | ---- |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |

| | |
|---|---|
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

(2017-18) വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | 5000 | ചെക്ക് നമ്പർ-15105/19.06.1993 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2000-01 2(9)<br>2001-02 3(10) | 2004-05-പാര 3-10(1) | ഡെപ്പോസിറ്റ് പ്രവൃത്തി | കമ്മിറ്റി പരിഗണനയിൽ |
| 2006-07 3(25) | 2009-10പാര 2-8 | ഡെപ്പോസിറ്റ് പ്രവൃത്തി | കമ്മിറ്റി പരിഗണനയിൽ |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 2005-06 | 2-6 | പി.കെ.ദിവാകരൻ | LF 7461/spl.cell /Sc5/10 /18.01.2011. | 16568 | 6568 രൂപ ബാധ്യതയായി അവശേഷിക്കുന്നു. |
| 2 | 2005-06 | 3-9(1) ഭാഗികം | പി.ബി ദിനേശൻ | LF 7401/spl.cell /Sc5/10 /18.01.2011. | 11013 | 62553/80/1.7.2011 പ്രകാരം 11013 രൂപ അടവാക്കി |
| 3 | 2005-06 | 3-9(1),3-12 | പി.കെ.ദിവാകരൻ | LF 7401/spl.cell /Sc5/10 /18.01.2011. | 29566 | 29566 രൂപ ബാധ്യതയായി അവശേഷിക്കുന്നു. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71110465 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74678513 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6552 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 367335 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 3752 | ശ്രീ.ജോസ്.എം.പി, അസി.എഞ്ചിനീയർ |
| 3-6 | | 2800 | ശ്രീമതി.സ്വപ്ന.ICDS.സൂപ്പർ വൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 17335 | ശ്രീമതി സ്വപ്ന, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-11 | 350000 | ഡോ.സജ്ന.പി.എച്ച് ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 367335 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ജോസ്.എം.പി, അസി.എഞ്ചിനീയർ | ലഭ്യമല്ല. | മറ്റപ്പിള്ളി ഹൗസ്,കരയാംപറമ്പ്,കുറുകുറ്റി(പി.ഒ) പിൻ-683576, എറണാംകുളം |
| ശ്രീമതി.സ്വപ്ന.ICDS.സൂപ്പർ വൈസർ | ICDS.സൂപ്പർ വൈസർ,എടപ്പറ്റ ഗ്രാമപഞ്ചായത്ത്. | ളുങ്ങലിൽ ഹൗസ്,വെള്ളിയൂർ പി.ഒ,മലപ്പുറം 679327 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എം.13/2957/2014/ 8.1.2015 | 12 |
| 1998-99 | എൽ.എഫ്.എം.13/2958/2014/8.1.2015 | 6 |
| 1999-00 | എൽ.എഫ്.എം.13/2959/2014/8.1.2015 | 6 |
| 2000-01 | എൽ.എഫ്.എം.13/2960/2014/8-1-2015 | 10 |
| 2001-02 | എൽ.എഫ്.എം.(16)1864/2004/ 7.10.2010 | 19 |
| 2002-03 | എൽ.എഫ്.എം.(16)908/2006/ 7.10.2010 | 12 |
| 2003-04 | എൽ.എഫ്.എം.(16)1171/2009/7.10.2010 | 12 |
| 2004-05 | എൽ.എഫ്.എം.(16)1739/2009/7.10.2010 | 27 |
| 2005-06 | എൽ.എഫ്.എം.(16)261/2010 /7.10.2010 | 23 |
| 2006-07 | എൽ.എഫ്.എം.(16)511/2010/7.10.2010 | 44 |
| 2007-08 | എൽ.എഫ്.എം.(14)1422/2010/ 03/12/2010 | 04 |
| 2008-09 2009-10 2010-11 | എൽ.എഫ്.എം.(13)199/2013/ 28/02/2013 | 14 |
| 2011-12 2012-13 | കെ.എസ്.എ.എം.പി.എം.13/2601/2016/ 31/05/2017 | 26 |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം13/1842/16 / 14/06/2017 | 20 |
| 2015-16 | കെ.എസ്.എ.എം.പി.എം13/3399/2016 / 06-03-2018 | 05 |
| 2016-17 | കെ.എസ്.എ.എം.പി.എം13/1824/2017 / 07-07-2018 | 08 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

### ഓഡിററ് സർട്ടിഫിക്കറ്റ്

കെ.എസ്. എ.എം പി .എം.9/1328/2018

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി:21-08-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 31-03-2018 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറ് വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം. .

# ANNEXURE - 1

# AUDIT CERTIFICATE.

No. KSA/MPM.9/1328/2018

Kerala State Audit Department,
District Office, Malappuram.
Date: 21-08-2018

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Edappatta Grama Panchayat in Malappuram District for the year 2017-18 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Edappatta Grama Panchayat for the year 2017-18 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.